**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5068** **14-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജക മണ്ഡലത്തിൽ 2016 മെയ് മുതൽ നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജക മണ്ഡലത്തിൽ 2016 മെയ് മുതൽ നടപ്പിലാക്കിവരുന്ന കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**5 കോടി കിഫ്ബി പദ്ധതി**<br><br>5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട കലവൂർ GHSS ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**3 കോടി കിഫ്ബി പദ്ധതി**<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മണ്ണഞ്ചേരി GHSS, GHS പൊള്ളേത്തൈ, SMGHSS എസ്.എൽ.പുരം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. GVHSS ആര്യാട് സ്കൂളിന്റെ നിർമ്മാണ നടപടികൾ പുതുക്കിയ ഡിഎസ്ആർ/ജി.എസ്.ടി നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഡിപിആർ കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നു. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**1 കോടി കിഫ്ബി പദ്ധതി**<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GGHSS ആലപ്പുഴ സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>GUPS തമ്പകച്ചുവട് സ്കൂളിന്റെ DPR കിഫ്ബി അംഗീകരിച്ചു. പുതുക്കിയ DSR/GST നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | SCMVGUPS ചെട്ടിക്കാട് സ്കൂളിന് DPR തയ്യാറായി. coverage issue ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള ശ്രമം നടക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി, പ്ലാൻ ഫണ്ട്, എം.എൽ.എ. ആസ്തി വികസന ഫണ്ട്, ബഡ്ജറ്റ് ഫണ്ട് എന്നിവയുപയോഗിച്ച് പൊതുവിദ്യാഭ്യാസ മേഖലയിൽ പൂർത്തിയാക്കിയതും പൂർത്തിയാക്കാനുള്ളതുമായ വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജക മണ്ഡലത്തിൽ 2016 മെയ് മുതൽ നടപ്പിലാക്കിവരുന്ന കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**<u>5 കോടി കിഫ്ബി പദ്ധതി</u>**<br><br>5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട കലവൂർ GHSS ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**<u>3 കോടി കിഫ്ബി പദ്ധതി</u>**<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മണ്ണഞ്ചേരി GHSS, GHS പൊള്ളേത്തൈ, SMGHSS എസ്.എൽ.പുരം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. GVHSS ആര്യാട് സ്കൂളിന്റെ നിർമ്മാണ നടപടികൾ പുതുക്കിയ ഡിഎസ്ആർ/ജി.എസ്.ടി നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഡിപിആർ കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നു. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**<u>1 കോടി കിഫ്ബി പദ്ധതി</u>**<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GGHSS ആലപ്പുഴ സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>GUPS തമ്പകച്ചുവട് സ്കൂളിന്റെ DPRകിഫ്ബി അംഗീകരിച്ചു. പുതുക്കിയ DSR/GST നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>SCMVGUPS ചെട്ടിക്കാട് സ്കൂളിന് DPR തയ്യാറായി. coverage issue ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള ശ്രമം നടക്കുന്നു. |
| (സി) | ആലപ്പുഴ മണ്ഡലത്തിൽ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നിവയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശവും ഭരണാനുമതി | (സി) | ആലപ്പുഴ നിയോജക മണ്ഡലത്തിലെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം സ്കൂളുകൾക്ക് നിർമ്മാണ പ്രവർത്തികൾക്ക് തുക അനുവദിച്ചിട്ടില്ല. ഹയർ സെക്കൻഡറി വിഭാഗത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | നൽകിയിട്ടുള്ളവയുടെ പകർപ്പും നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ? | | ജി.എച്ച്.എസ്.എസ് എസ്.എൽ.പുരം സ്കൂളിന് 150 ലക്ഷം രൂപ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടില്ല. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ